പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1920

15.07.16 ൽ മറുപടിക്ക്

## എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അൻവർ സാദത്ത് | ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 16.01.2013-ലെ സർക്കാർ ഉത്തരവ് നം.06/2013/ഡബ്ല്യൂ.ആർ.ഡി. പ്രകാരം എച്ച്.ആർ./സി.എൽ.ആർ. ജീവനക്കാരായി നിയമനം ലഭിക്കാതെ പോകുകയും എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം നിയമനത്തിന് അർഹതയുള്ളവരുമായ 150 ഓളം എച്ച്.ആർ./സി.എൽ.ആർ ജീവനക്കാരെ സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണ് തീരുമാനമെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇവർക്ക് നിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) & (ബി) ചീഫ് എഞ്ചിനീയർ (ഐ&എ) തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്ന എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ തൊഴിലാളികളുടെ ലിസ്റ്റിൽ നിന്നും അർഹരായ എച്ച്.ആർ./സി.എൽ.ആർ തൊഴിലാളികളെ കണ്ടെത്തുന്നതിനായി ചീഫ് എഞ്ചിനീയർ (IDRB)അദ്ധ്യക്ഷനായി ഒരു മൂന്നംഗ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. സർക്കാർ നിശ്ചിയിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ എച്ച്.ആർ./സി.എൽ.ആർ തൊഴിലാളികളെയും നേരിൽ കണ്ട് അവരുടെ രേഖകൾ പരിശോധിച്ചതിനു ശേഷം 834 പേരുടെ ലിസ്റ്റ് സമിതി സർക്കാരിൽ സമർപ്പിച്ചു. ഇതു കൂടാതെ 22 പേരുടെ ലിസ്റ്റും സമിതി സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം സർക്കാർ നിയോഗിച്ച സമിതി കണ്ടെത്തിയ എച്ച്.ആർ./സി.എൽ.ആർ/ തൊഴിലാളികളെയാണ് 16.01.13-ലെ സ.ഉ.(എം.എസ്)നം.06/13/ജ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എസ്.എൽ.ആർ. വർക്കർമാരായി മാറ്റി നിയമിച്ചിട്ടുള്ളത്. പ്രസ്തുത സമിതി കണ്ടെത്താത്ത തൊഴിലാളികളെ |

| | |
|---|---|
| | എസ്.എൽ.ആർ. ആയി മാറ്റി നിയമിച്ചിട്ടില്ല. |
| (സി) എച്ച്.ആർ.ജീവനക്കാർക്ക് മുഴുവൻ സമയവും (12 മാസവും) ജോലി നൽകുവാനുള്ള തീരുമാനം ജലസേചന വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ; | (സി) ഇല്ല. ചില പ്രത്യേക സീസണുകളിൽ മാത്രമാണ് (നവംബർ മുതൽ മെയ് വരെ) എച്ച്.ആർ. തൊഴിലാളികൾക്ക് ജലസേചന വകുപ്പിൽ ജോലി നൽകുന്നത്. |
| (ഡി) എസ്.എൽ.ആർ.ജീവനക്കാർക്ക് പുതുക്കിയ വേതനം നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) എസ്.എൽ.ആർ വർക്കർമാർ കേരള സർവ്വീസ് ചട്ടങ്ങളുടെ പരിധിയിൽ വരുന്ന സർക്കാർ ജീവനക്കാരല്ല. ആയതിനാൽ ഇവരുടെ വേതന പരിഷ്ക്കരണം പ്രത്യേകമായിട്ടാണ് നടപ്പിലാക്കാറുള്ളത്. എസ്.എൽ.ആർ വർക്കർമാർക്ക് പുതുക്കിയ വേതനം നൽകുന്നതിനായി അവരുടെ staff index അംഗീകരിച്ച് ഉത്തരവാകേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ തലത്തിൽ നടന്നു വരുന്നു. |
| (ഇ) എസ്.എൽ.ആർ.ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) ജലസേചന വകുപ്പിലെ 290 എസ്.എൽ.ആർ വർക്കർമാരെ വർക്കർ ഗ്രേഡ് II തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ചുകൊണ്ട് പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ള 09.06.14-ലെ സ.ഉ.(എം.എസ്)നം.45/2014/ജ.വി.വ നമ്പർ ഉത്തരവിൽ ഇനിമേൽ ഇത്തരം വർക്കേഴ്സിനെ നിയമിക്കുന്നതല്ല എന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. |

**സെക്ഷൻ ഓഫീസർ**